| | | |
|---|---|---|
| 1. | കുറ്റ്യാടി എക്സ്റ്റൻഷൻ | 3.22 ദശലക്ഷം കനേഡിയൻ ഡോളർ |
| 2. | പള്ളിവാസൽ ശെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനു വേണ്ടി | 2.10 ദശലക്ഷം കനേഡിയൻ ഡോളർ |

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 1270 ചതുരശ്ര അടി സ്ഥലം.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനിയ്ക്ക് വൈദ്യുതി ബോർഡിലെ വർക്കുകൾ നൽകിയിട്ടില്ല.

(എഫ്) പ്രസക്തമല്ല.

(ജി) കണക്കാക്കിയിട്ടില്ല.

## വൈദ്യുതി ബോർഡിന്റെ കടം

74 (226) ശ്രീ. പാലോട് രവി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഇപ്പോൾ എന്ത് തുകയുടെ കടം ഉണ്ട് ;

(ബി) വിദേശ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ എത്ര ;

(സി) വൈദ്യുതി ബോർഡിന്റെ ഇപ്പോഴുള്ള വായ്പയും പലിശയും ചേർന്ന് ആളോഹരി എന്ത് കടമുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) 1999-2000-ലെ ബോർഡിന്റെ താല്ക്കാലിക വാർഷിക കണക്ക് അനുസരിച്ച്, 31-3-2000 വരെ ബോർഡിന് 3551 കോടി രൂപയുടെ കടമുണ്ട്. പ്രസ്തുത കടത്തിൽ 291.93 കോടി രൂപ വിദേശ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്. അതുവരെയുള്ള പലിശ 434.19 കോടി രൂപയാണ്.

(സി) 31-3-2000-ലെ ജനസംഖ്യയുടെ കണക്കിന്റെ അഭാവത്തിൽ ആളോഹരി കടം തിട്ടപ്പെടുത്തിയിട്ടില്ല.

## ലോഡ് ഷെഡിംഗ്

75 (227) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എന്നത്തേയ്ക്ക് വൈദ്യുതി മിച്ചമാകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-മാണ്ട് ഏപ്രിൽ 30-ന് സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി എത്രയായിരുന്നു ;

(സി) അപ്പോൾ സംസ്ഥാനത്ത് ഉൽപാദനം എത്രയായിരുന്നു ;

(ഡി) ഇപ്പോൾ ലോഡ്ഷെഡിംഗ് നിലവിലുണ്ടോ ; എന്നേയ്ക്ക് ലോഡ്ഷെഡിംഗ് ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനം മുഴുവൻ ലോഡ്ഷെഡിംഗ് എത്രകാലം ഉണ്ടായിരുന്നു ;

(എഫ്) തിരുവനന്തപുരം സിറ്റി ഒഴികെയുള്ള മറ്റ് ഭാഗങ്ങളിൽ എത്ര കാലം ലോഡ് ഷെഡിംഗ് ഉണ്ടായിരുന്നു ;

(ജി) സംസ്ഥാനത്തെ മൂന്നു സിറ്റി കോർപ്പറേഷനുകൾ, പ്രദേശങ്ങൾ, മുനിസിപ്പൽ പ്രദേശങ്ങൾ എന്നിവ ഒഴികെയുള്ള സ്ഥലങ്ങളിൽ എത്ര കാലം വീതം ലോഡ്ഷെഡിംഗ് ഉണ്ടായിരുന്നു ;

(എച്ച്) ഇപ്പോൾ എത്ര ഉപഭോക്താക്കൾ ലോഡ്ഷെഡിംഗിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ടിൽ വൈദ്യുതി മിച്ചമാകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി&സി) 2000-ാമാണ്ട് ഏപ്രിൽ 30-ന് സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി 35.1045 ദശലക്ഷം യൂണിറ്റായിരുന്നു. അന്നേദിവസം സംസ്ഥാനത്തെ ഉൽപാദനം 28.7306 ദശലക്ഷം യൂണിറ്റും കേന്ദ്ര വിഹിതം 6.619 ദശലക്ഷം യൂണിറ്റുമായിരുന്നു.

(ഡി) സംസ്ഥാനത്ത് ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള പ്രദേശങ്ങളിൽ പ്രവൃത്തി ദിവസങ്ങളിൽ ലോഡ്ഷെഡിംഗ് ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനത്തെ വൈദ്യുതി പ്രസരണ, വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. അവ പൂർത്തിയായി കഴിഞ്ഞാൽ ലോഡ്ഷെഡിംഗ് പിൻവലിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 16-10-1998 വരെ സംസ്ഥാനം മുഴുവൻ ലോഡ് ഷെഡിംഗ് ഉണ്ടായിരുന്നു.

(എഫ്&ജി) സംസ്ഥാനത്ത് 3-7-1999 മുതൽ അവധി ദിവസങ്ങളിലും, 17-10-1998 മുതൽ ജില്ലാ ആസ്ഥാനങ്ങളിലും ലോഡ്ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള പ്രദേശങ്ങളിൽ പ്രവൃത്തിദിവസങ്ങളിൽ ലോഡ്ഷെഡിംഗ് ഇപ്പോഴും തുടരുന്നുണ്ട്.

(എച്ച്) ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള പ്രദേശങ്ങളിലെ ഉപഭോക്താക്കൾ ലോഡ്ഷെഡിംഗിന്റെ പരിധിയിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly